# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 4017 31.01.2014-ൽ മറുപടിക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **കുമാരി. പി.കെ. ജയലക്ഷ്മി**<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നീ ഇനത്തിൽ എത്ര തുക 2013-14 വർഷത്തിൽ അനുവദിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് അനുവദിച്ച തുക മുഴുവൻ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുക ബാങ്ക് അക്കൗണ്ടിൽ എത്താൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | ഐ.എഫ്.എസ്.സി കോഡ്, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ എന്നിവ കൃത്യമായ രീതിയിൽ ഇ-ഗ്രാന്റ്സ് വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിസംബർ വരെയുള്ള മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടുകളിൽ എരതിയിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിൽ അക്കൗണ്ടുകളിൽ പണം എത്താത്തതുണ്ടെങ്കിൽ സ്കൂൾ തിരിച്ച് വിശദവിവരങ്ങൾ അറിയിക്കാമോ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ( ഡി) | ബാങ്ക് അക്കൗണ്ടിൽ പണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ? | ( ഡി) | പോസ്റ്റ് മെട്രിക് തലത്തിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ശരിയായ രീതിയിൽ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടുള്ളവർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് യഥാസമയം തന്നെ ഇ-ഗ്രാന്റ്സ് പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്.<br>കൂടാതെ എസ്.ബി.ഐയുടെ NEFT. |

| | | | |
|---|---|---|---|
| | | | APBS തുടങ്ങിയ പെയ്മെന്റ് രീതികൾ പ്രയോജനപ്പെടുത്തി, ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാത്തവരും ആധാർ നമ്പർ ലഭിക്കാത്തവരുമായ പോസ്റ്റ് മെട്രിക് തലത്തിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിൽ ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള അപേക്ഷ അയയ്ക്കുമ്പോൾ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ആധാർ നമ്പർ എന്നിവ തെറ്റായി അപേക്ഷയിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ഉണ്ടാകുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് വിദ്യാർത്ഥികളെ അറിയിച്ച് ആയത് പരിഹരിക്കുന്നതിന് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**